# കേരള വാട്ടർ അതോറിറ്റി

## ജല ജീവൻ മിഷൻ പദ്ധതി –ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ കൊടുക്കുന്ന പ്രവർത്തികളുടെ രണ്ടാംഘട്ടം- പ്രവർത്തനോദ്ഘാടനം
## തീയതി -11/03/2023. ശനിയാഴ്ച്ച

## റിപ്പോർട്ട്

2024-ആം ആണ്ടോടുകൂടി ഭാരതത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ.

ഈ പദ്ധതി പ്രകാരം ഇരട്ടയാർ ഗ്രാമ പഞ്ചായത്തിലെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 284.95 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതനുസരിച്ച് പഞ്ചായത്തിലെ നിലവിലുള്ള സ്കീമിൽ നിന്നും 1671 കുടിവെള്ള കണക്ഷനുകൾ നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ ഇവിടെ ഉദ്ഘാടനം ചെയ്യാൻ പോകുന്നത്. 5831.57 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് അഞ്ചാം SLSSC പ്രകാരം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

ഈ പദ്ധതി പ്രകാരം ഇരട്ടയാർ ഡാമിൽ സ്ഥാപിച്ചിട്ടുള്ള കിണർ പുനരുദ്ധികരിച്ച് പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ഇവിടെ നിന്നും വെള്ളം പമ്പ് ചെയ്ത് പുതിയതായി സ്ഥാപിക്കുന്ന 5 MLD ശേഷിയുള്ള ശുദ്ധീകരണ ശാലയിൽ എത്തിക്കുന്നു. ഇവിടെ നിന്നും ശുദ്ധീകരിക്കുന്ന വെള്ളം അടയാളക്കല്ല് (1.3LL), കുരിശുമൂട്ടിൽപടി (0.25LL), ചിറക്കൽപടി (വാഴവര-1.4LL), നാങ്കുതൊട്ടി (1LL), ഹീറോപടി (2.66LL) എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ടാങ്കുകളിൽ വെള്ളമെത്തിച്ച് 5 പ്രധാന സോണുകളായി തിരിച്ച് ജലവിതരണം നടത്തുന്നതിനാണ് പദ്ധതി ക്രമികരിച്ചിരിക്കുന്നത്. ഈ ടാങ്കുകളിൽ നിന്നും പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വിതരണ ശൃംഖല സ്ഥാപിച്ച് 5645 ഭവനങ്ങളിൽ കുടിവെള്ള കണക്ഷൻ നല്കി ജല വിതരണം സാധ്യമാക്കുന്നു.

രണ്ടാം ഘട്ട പ്രവർത്തനങ്ങളിലെ ആദ്യ പ്രവർത്തിയായ വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷൻ കൊടുക്കുന്ന പ്രവർത്തികൾ 2024 ഫെബ്രുവരി 15 ഓടെ പൂർത്തികരിക്കാനാണ് കരാർ നല്കിയിരിക്കുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങളിലെ മറ്റ് പ്രവർത്തികളായ സംഭരണ ടാങ്കുകളുടെ നിർമ്മാണം, 5 MLD ശേഷിയുള്ള ശുദ്ധികരണശാലയുടെ നിർമ്മാണം എന്നിവയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതികൾ 2024 മാർച്ചോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ ഇരട്ടയാർ പഞ്ചായത്തിലെ മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും 100% കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതാണ്.